# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1740** 12.06.2019 -ലെ മറുപടിയ്ക്ക്

**കേരള യൂണിവേഴ്സിറ്റിയുടെ ബിരുദ മൂല്യനിർണ്ണയം**

*ചോദ്യം*
ശ്രീ. വി. എസ്. ശിവകുമാർ

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള യൂണിവേഴ്സിറ്റിയുടെ ബിരുദ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷാ ഫലം ഇംഗ്ലീഷ് പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കാതെയാണ് പ്രസിദ്ധീകരിച്ചതെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂല്യനിർണയം പൂർണമായി പൂർത്തീകരിച്ചിരുന്നില്ല. മൂല്യനിർണയം പൂർത്തീകരിച്ച മുറയ്ക്ക് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അദ്ധ്യാപകർ മൂല്യനിർണ്ണയം കഴിഞ്ഞ് യഥാസമയം മാർക്കുകൾ നൽകാതിരുന്നതിനാലാണ് ഫലപ്രഖ്യാപനം ഭാഗികമായി നടത്താനിടയായതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട് |
| (ബി) | വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും വിഷമപ്പെടുത്തുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) | അധ്യാപകർക്ക് അവരവരുടെ പാർട്ട് ഓഫ് ഡ്യൂട്ടി പ്രകാരം മൂല്യനിർണയം നടത്തുന്നതിനായി നിർദേശം നൽകിയിട്ടുണ്ട്. മൂല്യനിർണയം നടത്താത്ത അധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | ഈ സാഹചര്യം സൃഷ്ടിച്ചവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.